**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3083** **07-10-2025 - ൽ മറുപടിയ്ക്ക്**

**തവനൂർ മണ്ഡലത്തിലെ കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റിപ്പയർ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തവനൂർ മണ്ഡലത്തിലെ കൂട്ടായി റഗുലേറ്റർ- കം-ബ്രിഡ്ജിന്റെ റിപ്പയർ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | തവനൂർ മണ്ഡലത്തിലെ കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ സിവിൽ പ്രവൃത്തികൾ സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കാരണം നിലവിലെ എസ്റ്റിമേറ്റ് പ്രകാരം നടപ്പിലാക്കുവാൻ സാധിക്കുകയില്ല. കരാറുകാരൻ മരണപ്പെട്ടതിനാൽ പ്രവൃത്തി ഫോർ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സിവിൽ പ്രവൃത്തികൾക്ക് 18.10 കോടി രൂപയുടെ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. Fore closure നടപടി പൂർത്തീകരിച്ച് മെക്കാനിക്കൽ പ്രവൃത്തികൾക്ക് ആവശ്യമായ തുക കൂടി കണക്കാക്കി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത ബ്രിഡ്ജിലൂടെ ഒരേസമയം രണ്ട് വാഹനങ്ങൾക്ക് കടന്ന് പോകാൻ കഴിയുന്ന തരത്തിൽ വീതി കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; അതും കൂടി പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പാലത്തിലൂടെ രണ്ട് വാഹനങ്ങൾക്ക് ഒരേ സമയം കടന്ന് പോകുന്നതിന് വീതി 4.05 മീറ്ററിൽ നിന്നും 11 മീറ്ററായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ തയ്യാറാക്കിയ റീ കാസ്റ്റ് എസ്റ്റിമേറ്റിൽ നിലവിലുള്ള പാലം അതേ വീതിയിൽ നിലനിർത്തുന്ന രീതിയിലാണുള്ളത്. |
| (സി) | പ്രസ്തുത റിപ്പയർ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിലെ കരാർ ഫോർക്ലോസ് ചെയ്ത് അധികമായി വരുന്ന ഫണ്ടിന് ഭരണാനുമതി, സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ റിപ്പയർ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ